**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1615 03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം

<table>
<tr><th colspan="2">ചോദ്യം<br><br>ശ്രീ.മഞ്ഞളാംകുഴി അലി</th><th colspan="2">ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ആശ്രിതർക്ക് യഥാസമയം നിയമനം നൽകാൻ കഴിയാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാത് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകി വരുന്നു.</td></tr>
<tr><td>(ബി)</td><td>ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷ നൽകിയ എത്ര ആശ്രിതർക്ക് ഇനിയും നിയമനം നൽകാനുണ്ട് ; അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; ഓരോ ജില്ലയിലും ഏത് തീയതി മുതലുള്ള അപേക്ഷകർക്കാണ് നിയമനം നൽകാൻ ബാക്കിയുള്ളതെന്ന വിവരവും ലഭ്യമാക്കുമോ;</td><td>(ബി)</td><td>ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള സംസ്ഥാന അടിസ്ഥാനത്തിൽ 186 അപേക്ഷകളുണ്ട്. 21.05.2012 വരെയുള്ള അപേക്ഷയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. ആശ്രിതരുടെ അപേക്ഷ തിയതി അടിസ്ഥാനമാക്കിയുള്ള സംസ്ഥാന അടിസ്ഥാനത്തിലുള്ള പട്ടികയാണ് നിലവിലുള്ളത്<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 22 അപേക്ഷകൾ ഉണ്ട്. അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><table><tr><th>ജില്ല</th><th>അപേക്ഷ കരുടെ എണ്ണം</th><th>നിയമനം നൽകാനു ള്ള തീയതി</th></tr><tr><td>തിരുവനന്തപുരം</td><td>8</td><td>31.07.2014</td></tr><tr><td>കോട്ടയം</td><td>3</td><td>01.03.2016</td></tr><tr><td>എറണാകുളം</td><td>1</td><td>09.01.2015</td></tr><tr><td>തൃശ്ശൂർ</td><td>4</td><td>26.08.2013</td></tr><tr><td>കോഴിക്കോട്</td><td>6</td><td>15.10.2005</td></tr></table></td></tr>
<tr><td>(സി)</td><td>ജീവനക്കാരൻ മരണമടഞ്ഞ് വർഷങ്ങൾ കഴിഞ്ഞും നിരാലംബരായ കുടുംബത്തിന്റെ ആശ്രിതർക്ക് നിയമനം നൽകാതിരിക്കുന്നത് ഈ പദ്ധതിയുടെ ഉദ്ദേശ്യത്തെത്തന്നെ തകർക്കുന്നതാണെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഈ അപേക്ഷകർക്ക് അടിയന്തരമായി നിയമനം നൽകുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ ?</td><td>(സി)</td><td>അതാത് ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകി വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ